ഉത്തരം

(എ) ട്രഷറികളിലെ നിക്ഷേപങ്ങൾക്ക് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ധനകാര്യ സ്ഥാപനങ്ങളെക്കാളും, മറ്റു ദേശസാൽകൃത ബാങ്കുകളെക്കാളും ഉയർന്ന നിരക്കിലുള്ള പലിശയാണ് നൽകുന്നത്. പലിശയിലും ആനുകൂല്യങ്ങളിലും ഉള്ള കുറവ് മൂലം നിക്ഷേപകർ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന ട്രഷറിയിൽ ഒരു വാണിജ്യ സ്ഥാപനമല്ലാത്തതിനാൽ ദിനപത്രം/മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പരസ്യം നൽകുവാൻ നിവൃത്തിയില്ല.എന്നാൽ ട്രഷറികളിൽ നിന്നുള്ള സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മറ്റു നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

(സി) ഉദിക്കുന്നില്ല.

ടി. പി. അക്കൗണ്ടുകൾ മരവിപ്പിച്ചതുമൂലം മുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾ

21 (2469) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളുടെ ടി. പി. അക്കൗണ്ടുകൾ ധനകാര്യ വകുപ്പിന്റെ നമ്പർ. 28/03/ഫിൻ. 20-3-2003-ലെ സർക്കുലർ പ്രകാരം മരവിപ്പിച്ചതുമൂലം വിവിധ വകുപ്പുകൾ ക്ഷേമപ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കൾക്ക് നൽകിയ ചെക്കുകൾ ട്രഷറികളിൽനിന്നും മാറ്റാൻ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വകുപ്പ് മേധാവികളും വകുപ്പ് ഉദ്യോഗസ്ഥരും ടി. പി. അക്കൗണ്ട് പാസ്സ് ബുക്കുകൾ തിരിച്ച് നൽകിയിട്ടുണ്ടോ ;

(ഡി) വിവിധ വകുപ്പുകളിൽ എത്ര ലക്ഷം രൂപയുടെ ട്രാൻസാക്ഷൻ ആണ് ടി. പി. അക്കൗണ്ടുകൾ മരവിപ്പിച്ചതുമൂലം നടക്കാതിരുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചില സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് ടി. പി. അക്കൗണ്ടിലെ പണം സ്പെഷ്യൽ ട്രി. എസ്.ബി. അക്കൗണ്ട് തുറന്ന് അതിൽ നിക്ഷേപിക്കുവാനും 31-7-2003-നു മുമ്പ് ചെലവാക്കുവാനും അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ വകുപ്പുകളും വകുപ്പ് ഉദ്യോഗസ്ഥന്മാരും ടി. പി. അക്കൗണ്ട് പാസ് ബുക്ക് 31-7-2003-നു മുമ്പ് ട്രഷറികളിൽ ഹാജരാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ട്രഷറികളിൽ ശേഖരിച്ചു വരികയാണ്.

(ഡി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

ഓൺലൈൻ ലോട്ടറി സ്വകാര്യമേഖലയ്ക്ക് നൽകുവാനുള്ള നീക്കം

22 (2470) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന ഓൺലൈൻ ലോട്ടറി സ്വകാര്യ മേഖലയ്ക്ക് നൽകുവാൻ നീക്കമുണ്ടോ ; ഉണ്ടെങ്കിൽ ആയതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ ;

(ബി) ഓൺലൈൻ ലോട്ടറി സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസിയുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിനുള്ള തീരുമാനമായെങ്കിലും ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന കരട് നിയമങ്ങൾക്ക് അന്തിമ രൂപം ആയിട്ടില്ല.

(ബി) ഇല്ല.

വ്യാജ ഒറ്റനമ്പർ ലോട്ടറി വില്പനയ്ക്കെതിരെ നടപടി

23 (2471) ശ്രീമതി മേഴ്സി രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വ്യാജ ഒറ്റ നമ്പർ ലോട്ടറി വില്പന നടത്തിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലോക്കൽ ഫണ്ട് ആഡിറ്റ്

24 (2472) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആഡിറ്റ് നടത്തിയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly